പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. *296

10.07.2015-ൽ മറുപടിക്ക്

## പദ്ധതി നിർവ്വഹണത്തിലെ പരിഷ്ക്കാരങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br>ഡോ. ടി.എം. തോമസ് ഐസക്<br>ശ്രീ. കെ.വി. വിജയദാസ്<br>ശ്രീ. എസ്. രാജേന്ദ്രൻ | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മൊത്തം പദ്ധതി അടങ്കൽ തുകയുടെ 57.01% മാത്രമാണ് 2013-14 ലും 47.32% മാത്രമാണ് 2012-13 ലും ചെലവഴിച്ചതെന്ന സംസ്ഥാന ആസൂത്രണ ബോർഡിന്റെ സാമ്പത്തിക അവലോകനം 2014 രേഖപ്പെടുത്തിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) പദ്ധതിച്ചെലവ് ഇത്രകണ്ട് കുറയുവാനുള്ള സാഹചര്യം എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ ; | ബി) പദ്ധതിച്ചെലവിൽ കുറവ് വന്നിട്ടില്ല. തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് 2013-14 ൽ മൊത്തം അടങ്കൽ തുകയായ 1068126.30 രൂപയിൽ പദ്ധതി വിഹിതമായി (വികസനഫണ്ട്) 505759.29 ലക്ഷം രൂപ അനുവദിച്ചതിൽ 391827.80 ലക്ഷം രൂപ (77.47%) ചെലവഴിക്കുകയും എന്നാൽ 2012-13 ൽ ഇവ യഥാക്രമം 387032.93 ലക്ഷം രൂപയും 274167.45 ലക്ഷം രൂപയും (70.84%) ചെലവഴിക്കുകയും ചെയ്തു. പദ്ധതിച്ചെലവ് 2012-13 വർഷത്തെ അപേക്ഷിച്ച് 2013-14 ൽ 6.63 ശതമാനം കൂടുതൽ രേഖപ്പെടുത്തിയിരിക്കുന്നു. |

സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച് ഈ സർക്കാർ കൊണ്ടുവന്ന പരിഷ്കാരങ്ങൾ പരാജയപ്പെട്ടുവെന്ന് കരുതുന്നുണ്ടോ ;

സി) പരാജയപ്പെട്ടുവെന്ന് കരുതുന്നില്ല. പദ്ധതി രൂപീകരണത്തിനും നിർവഹണത്തിനുമുള്ള മാർഗ നിർദ്ദേശങ്ങളിൽ കാലാകാലങ്ങളിൽ ഫലപ്രാപ്തിയും നിർവഹണ സൗകര്യവും പരിശോധിച്ച് ആവശ്യമായ പരിഷ്കാരങ്ങൾ വരുത്തുന്നുണ്ട്.

ഡി) സംസ്ഥാനം നേരിടുന്ന സാമ്പത്തിക പ്രതിസന്ധി പദ്ധതിവിനിയോഗത്തെ ഏതെങ്കിലും തരത്തിൽ ബാധിച്ചിട്ടുണ്ടോ ; വിശദമാക്കാമോ?

ഡി) ബാധിച്ചിട്ടില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ ബജറ്റിലൂടെ വക കൊള്ളിച്ച തുക കഴിഞ്ഞവർഷം മുഴുവനും വിതരണം ചെയ്തിട്ടുണ്ട്. ഈ വർഷം മൂന്നു തവണകളായാണ് വികസന ഫണ്ട് അനുവദിക്കുന്നത്. ആദ്യതവണ അനുവദിച്ചു കഴിഞ്ഞു.

സെക്ഷൻ ഓഫീസർ